പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 377 01.12.2015-ൽ മറുപടിയ്ക്ക്

## കെ. എസ്. ഇ. ബി. യിലെ പെൻഷൻ ഫണ്ട് രൂപീകരണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബി. യിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ ; ഫണ്ട് മാനേജ് ചെയ്യാനുള്ള മാസ്റ്റർ ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ടോയെന്നും ഫണ്ടിലേയ്ക്കുള്ള ധനഗമന മാർഗ്ഗങ്ങൾ ഏതൊക്കെയാണെന്നും വിശദീകരിക്കാമോ ? | (എ) കെ.എസ്.ഇ.ബി.ലിമിറ്റഡിൽ 31.03.2013 വരെ നിയമിതരായ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനുമായി ഒരു മാസ്റ്റർ ട്രസ്റ്റ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റ് എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 31.10.2013 വരെയുള്ള പെൻഷൻ ബാധ്യതയായി 12419 കോടി രൂപയെന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതും ആയതിൽ 11895 കോടി രൂപയുള്ള രണ്ട് കടപ്പത്രങ്ങൾ, കെ. എസ്. ഇ. ബി. ലിമിറ്റഡ് പെൻഷൻ ബാധ്യത നിറവേറ്റുന്നതിനുവേണ്ടി മാസ്റ്റർ ട്രസ്റ്റിന് നൽകുന്നതാണ്. കടപ്പത്രത്തിന്റെ പലിശയും മുതലിന്റെ തിരിച്ചടവും ഉപയോഗിച്ച് പെൻഷൻ ബാധ്യത തീർക്കുന്നതാണ്. 01.11.2013 മുതലുള്ള പെൻഷൻ ബാധ്യത ആക്ച്വറിയൽ വാല്യേഷൻ നടത്തി ഓരോ വർഷവും മാസ്റ്റർ ട്രസ്റ്റിന് കൈമാറുന്നതാണ്. ഇതിനുപുറമെ 524 കോടി രൂപ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പെൻഷൻ ഫണ്ടിനു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.